ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് പൊതുജനനേതാക്കന്മാരും പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു ബഞ്ചു് ഉണ്ടാക്കാൻ ആലോചിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇരുമ്പു ബഞ്ചും ചിലപ്പോൾ ഒടിച്ചു എന്നുവരും.

ശ്രീ. സി. വി. ഇയ്യു: കോൺക്രീറ്റു് ബഞ്ചു് ഉണ്ടാക്കണം.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാം.

RESERVATION FOR TECHNICAL COURSES

***1139. (11) Sry. Devaki Gopi Das:** Will the Hon ble Minister for Education be pleased to state.—

(*a*) whether they have accepted the principle of reservation for technical courses in the Travancore University;

(*b*) if so, what are the courses of study and what is the percentage of seats so reserved?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise in view of answer to part (a). എന്നാൽ ഇതിനെ സംബന്ധിച്ചു് എൻജിനീയറിംഗ് കാളേജിൽ പട്ടിക ജാതിക്കാക്കു് പ്രത്യേകം പരിഗണന നൽകാൻ യൂണിവേഴ്സിറ്റിക്കു് നിർദ്ദേശംനൽകുകയും യൂണിവേഴ്സിറ്റി ആ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് പട്ടിക ജാതിക്കാരിൽനിന്നു് ഫസ്റ്റ്-ൽ ഒരു പേരെയും ഫസ്റ്റ് ടു-ൽ മൂന്നു പേരെയും ഷെഡ്യൂൾ കാസ്റ്റിൽനിന്നു് തിരഞ്ഞെടുത്തു് പ്രവേശനം നൽകിയിട്ടുണ്ടു്.

ശ്രീമതി ദേവകീഗോപിദാസു്: മറ്റു് ടെക്നിക്കൽ കോഴ്സുകളെ സംബന്ധിച്ചു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റിയും ആലോചിക്കാവുന്നതാണു്.

ജലവിതരണം

*൧൭൭. (൧൨) സാഹിബു് ബഹദൂർ മുഹമ്മദു് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ജലവിതരണം നടത്തുവാൻ ഒരു പദ്ധതി ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഇതിനു് ഒരു പ്രാരംഭാന്വേഷണം നടത്താമോ?

ശ്രീ. സി. കേശവൻ: പ്രാരംഭാന്വേഷണം നടത്തി. എന്നാൽ ഒരു കോടി രൂപ ലക്ഷം രൂപയുടെ കണക്കാണു് തന്നിട്ടുള്ളതു്. അതു് മുനിസിപ്പാലിറ്റിക്കു് വഹിക്കുവാൻ കഴിവില്ലാത്തതുകൊണ്ടു് ആ പ്രശ്നം തൽക്കാലം അന്തർധാനം ചെയ്തിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly